# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 1

# വാർത്താക്കുറിപ്പ്

## പ്രാക്ടിക്കൽ

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ എം.എസ്‌സി. ബയോടെക്നോളജി (സി.എസ്.എസ്. - 2019 അഡ്മിഷൻ റഗുലർ) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി ആറ്, ഏഴ് തീയതികളിൽ അതത് കോളജുകളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1/2020)

ഒൻപതാം സെമസ്റ്റർ ഡി.ഡി.എം.സി.എ. (2015 അഡ്മിഷൻ റഗുലർ/2014 അഡ്മിഷൻ സപ്ലിമെന്ററി) സെപ്റ്റംബർ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ജനുവരി ആറുമുതൽ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/2/2020)

## പരീക്ഷഫലം

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ സി.ബി.സി.എസ്. (റഗുലർ) ബി.എസ്‌സി. (മോഡൽ 1, 2, 3) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 14 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/3/2020)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ ബി.കോം. സി.ബി.സി.എസ്. (മോഡൽ 1, 2, 3 - റഗുലർ - 2017 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 15 വരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/4/2020)

## പ്രൊഫ. രാജീവ് ഭാർഗവയുടെ പ്രഭാഷണം ജനുവരി നാലിന് എം.ജി.യിൽ

കേരള ചരിത്ര കോൺഗ്രസിന്റെ ഭാഗമായി മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് സംഘടിപ്പിക്കുന്ന ജ്ഞാനപ്രഭാഷണം ജനുവരി നാലിന് നടക്കും. രാവിലെ 11ന് സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസ് കോൺഫറൻസ് ഹാളിൽ 'ഗാന്ധിയുടെ മതേതര ആശയങ്ങൾ' എന്ന വിഷയത്തിൽ ഡൽഹി സെന്റർ ഫോർ ദി സ്റ്റഡി ഓഫ് ഡെവലപ്പിംഗ് സൊസൈറ്റിയിലെ അധ്യാപകൻ പ്രൊഫ. രാജീവ് ഭാർഗവ പ്രഭാഷണം നടത്തും.

(പി.ആർ.ഒ/39/5/2020)

## മാസ് സ്പെക്ട്രോമെട്രി പ്രവൃത്തിപരിചയ ക്യാമ്പ്

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്ററും സോഫിസ്റ്റിക്കേറ്റഡ് അനലിറ്റിക്കൽ ഇൻസ്ട്രുമെന്റ്സ് ഫെസിലിറ്റിയും സംയുക്തമായി സംഘടിപ്പിക്കുന്ന മാസ്സ്പെക്ട്രോമെട്രി പ്രവൃത്തി പരിചയ ക്യാമ്പ് ജനുവരി 15 മുതൽ 19 വരെ നടക്കും. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ സംഘടിപ്പിക്കുന്ന പ്രവൃത്തിപരിചയ ക്യാമ്പിൽ പങ്കെടുക്കുന്നതിന് ജനുവരി അഞ്ചുവരെ അപേക്ഷിക്കാം. saif@mgu.ac.in എന്ന ഇമെയിലിലൂടെ രജിസ്ട്രേഷൻ നടത്താം. വിശദവിവരത്തിന് www.saifmgu.in/events എന്ന വെബ്‌സൈറ്റ് സന്ദർശിക്കുക. ഫോൺ: 7025612363, 9447777259.

(പി.ആർ.ഒ/39/6/2020)

**എ. അരുൺ കുമാർ**

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ജനുവരി 1

# വാർത്താക്കുറിപ്പ്

## ജി. ശങ്കരപ്പിള്ളയുടെ സ്മരണയിൽ എം.ജി. സർവകലാശാല

## കലയും സാഹിത്യവും രസാസ്വാദനം മാത്രമല്ല: ഡോ. സുനിൽ പി. ഇളയിടം

കലയും സാഹിത്യവും രസാസ്വാദനം മാത്രമല്ലെന്നും അത് അപരന്റെ അനുഭവത്തിലേക്ക് ചേർന്നുനിൽക്കലാണെന്നും ഡോ. സുനിൽ പി. ഇളയിടം. മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സ് സംഘടിപ്പിച്ച ജി. ശങ്കരപ്പിള്ള അനുസ്മരണത്തിൽ സ്മാരക പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. സാഹിത്യം അപരത്തെ ആത്മാനുഭവത്തിന്റെ ഭാഗമാക്കി നീതിയുടെ മണ്ഡലം നിലനിർത്തുന്നു. നീതിയെ ഉൾക്കൊള്ളുന്ന ഉന്നതമായ രാഷ്ട്രീയ ബോധമാണ് സാഹിത്യം മനുഷ്യനിൽ സൃഷ്ടിക്കുന്നത്. കലയും സാഹിത്യവും നീതിയോട് ബന്ധപ്പെട്ടു നിൽക്കുന്നു. സാഹിത്യം ധാർമിക മൂല്യങ്ങളെ ഉയർത്തുന്നതാണ്. ഭാഷ ഉപകരണമല്ല. മനുഷ്യനെ അത് നൈതിക ജീവിയാക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു.

പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. ഡോ. രാജാ വാര്യർ അനുസ്മരണ പ്രഭാഷണം നടത്തി. വള്ളത്തോൾ കെ. രവീന്ദ്രനാഥൻ പുസ്തകദാനം നിർവഹിച്ചു. സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ ഡോ. കെ.എം. കൃഷ്ണൻ അധ്യക്ഷത വഹിച്ചു. സ്കൂൾ ഓഫ് ലെറ്റേഴ്സ് അവതരിപ്പിച്ച നാടകം 'സൂക്ഷ്മമായി നിരീക്ഷിക്കപ്പെടുന്ന തീവണ്ടികൾ' കാണികളുടെ മനം കവർന്നു.

## ഫോട്ടോ കാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സ് സംഘടിപ്പിച്ച ജി. ശങ്കരപ്പിള്ള അനുസ്മരണ പരിപാടിയിൽ ഡോ. സുനിൽ പി. ഇളയിടം സ്മാരക പ്രഭാഷണം നടത്തുന്നു.**

(പി.ആർ.ഒ/39/7/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ